(സി) പ്രസ്തുത ഹോട്ടലുകളിലെ വിലനിലവാരവും ഗുണനിലവാരവും അറിയിക്കുമോ;

(ഡി) ഇവയുടെ പ്രവർത്തനത്തിനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ മാവേലി ഹോട്ടലുകൾ പ്രവർത്തിക്കുന്നില്ല.

(ബി-ഡി) ബാധകമല്ല.

മാവേലി സ്റ്റോറുകളുടെ വിലവർദ്ധന

269 (1326) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന ഉല്പന്നങ്ങൾക്ക് എത്ര തവണ വിലവർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന പല ഉല്പന്നങ്ങൾക്കും പൊതുവിപണിയിലേക്കാൾ വിലവർദ്ധന ഉള്ളതായ വസ്തുത വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന ഉല്പന്നങ്ങൾക്ക് വില നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം ഏതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1-8-2012-ൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ എണ്ണം പുനർനിർണ്ണയിച്ചു. സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ളതും, ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ ഉഴുന്നുപരിപ്പ്, കടുക്, ജീരകം, ഉലുവ, പീസ് പരിപ്പ്, ബോധന അരി എന്നീ ഇനങ്ങളെ സബ്സിഡി നൽകുന്നതിൽനിന്ന് ഒഴിവാക്കുകയും പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വില പുനർ നിർണ്ണയിച്ചതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) സപ്ലൈകോ വിൽപ്പന ശാലകൾവഴി വിതരണം ചെയ്യുന്ന 13 ഇനം സബ്സിഡി സാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിലാണ് വിതരണം ചെയ്യുന്നത്. സപ്ലൈകോ ഇ-ടെണ്ടർ വഴി വാങ്ങുന്ന ഭക്ഷ്യ വസ്തുക്കളുടെ നോൺ സബ്സിഡി വിൽപ്പന വില നിശ്ചയിക്കുന്നത്, വാങ്ങൽ വിലയോടൊപ്പം കടത്തുകൂലി, കൈകാര്യകരവ് ഇവ വിൽപ്പന ശാലകൾ വഴി വിതരണം ചെയ്യുന്നതിനുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവയ്ക്കായി ശരാശരി 5 ശതമാനം മാർജിൻ എന്നിവ ചേർത്താണ്. എം.ആർ.പി., വാങ്ങൽ വില എന്നിവയെ അടിസ്ഥാനമാക്കി, എം.ആർ.പി. യിൽ നിന്നും താഴ്ന്ന വിലയ്ക്കാണ് മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളുടെ വിൽപ്പന വില നിശ്ചയിക്കുന്നത്. ശബരി ഉൽപ്പന്നങ്ങളുടെ വാങ്ങൽ വിലയുടെകൂടെ നികുതികൾ, കൈകാര്യ ചെലവുകൾ, സ്റ്റാഫ് ഇൻസെന്റീവ് എന്നിവ ചേർത്ത് വളരെ ചെറിയ മാർജിൻ എടുത്താണ് വിൽപ്പന വില നിശ്ചയിക്കുന്നത്. ഇത് വിപണിയിലുള്ള മറ്റ് സമാന ബ്രാന്റഡ് ഉൽപ്പന്നങ്ങളുടെ വിലയേക്കാൾ കുറയുന്നതിന് കുറവായിരിക്കുവാൻ ശ്രദ്ധിക്കുന്നുണ്ട്.

സിവിൽ സപ്ലൈസ് ഔട്ട്ലെറ്റുകളിലെ വില വർദ്ധന

270 (1327) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൽ സപ്ലൈസ് ഔട്ട്ലെറ്റുകളിൽ അരിയുടെയും പലവ്യഞ്ജനങ്ങളുടേയും വില എത്ര പ്രാവശ്യം വർദ്ധിപ്പിച്ചുവെന്ന് അറിയിക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തെ സാധന വിലയും, ഈ സർക്കാരിന്റെ ഭരണകാലത്തെ സാധനവിലയും പ്രത്യേകം ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) 2014 നവംബർ മാസത്തിൽ സപ്ലൈകോ ഔട്ട്ലെറ്റുകളിൽ അവശ്യ സാധനങ്ങൾക്ക് വില കുത്തനെ കൂട്ടാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(ഡി) ഇതിനായി മന്ത്രിസഭായോഗം തീരുമാനമെടുത്തിട്ടുണ്ടോ, ഏത് സമിതിയുടെ തീരുമാന പ്രകാരമാണ് ഈ വിലവർദ്ധനവ് നടപ്പിലാക്കിയിരിക്കുന്നത്; പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly